വാരാന്ത്യപതിപ്പ് ലക്കം-16| SEPTEMBER 5 - SEPTEMBER 11

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

**എൻ.എസ്.എസ് വാർത്തകൾ**

അദ്ധ്യാപക ദിനാചരണം

പേജ് 1

ലോക സാക്ഷരതാ ദിനം ആചരിച്ചു

പേജ് 1

അദ്ധ്യാപക ദിനം

പേജ് 1

ലോക ആത്മഹത്യ പ്രതിരോധ ദിനം ആചരിച്ചു.

പേജ് 2

ലോക ഫസ്റ്റ് എയ്ഡ് ദിനം

പേജ് 2

**ചോദ്യം ഉത്തരം**

പേജ് 3

**അക്ഷരാഗ്നി**

പേജ് 3

**ചിന്താവിഷയം**

പേജ് 4




**സോഷ്യോ പോഡ്സ് പോഡ്കാസ്റ്റിന്റെ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ഇറക്കിയ പോസ്റ്റർ**

# എൻ.എസ്.എസ്. വാർത്തകൾ

## അദ്ധ്യാപക ദിനാചരണം

സെപ്റ്റംബർ അഞ്ച് അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് അദ്ധ്യാപകരോടുള്ള ആദരം സൂചിപ്പിച്ചുകൊണ്ട് പോസ്റ്റർ നിർമ്മിച്ചു.




## ലോക സാക്ഷരതാ ദിനം ആചരിച്ചു

സെപ്റ്റംബർ എട്ട് ലോക സാക്ഷരതാ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ ഇറക്കി.




## അദ്ധ്യാപക ദിനം

അദ്ധ്യാപക ദിനത്തെ അടിസ്ഥാനമാക്കി എൻ എസ് എസ് യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ വൊളണ്ടിയർ ശിവാനി പ്രകാശ് സംസാരിച്ചു. സ്വയം ഉരുകി മറ്റുള്ളവർക്ക് വഴിതെളിക്കുന്ന മെഴുകുതിരി പോലെയാണ് ഓരോ അദ്ധ്യാപകരും എന്നതായിരുന്നു പോഡ്കാസ്റ്റിന്റെ ആശയം.

# ലോക ആത്മഹത്യ പ്രതിരോധ ദിനം ആചരിച്ചു.

ലോക ആത്മഹത്യ പ്രതിരോധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു. ആത്മഹത്യ തടയുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായാണ് സെപ്റ്റംബർ പത്ത് ലോക ആത്മഹത്യ പ്രതിരോധ ദിനമായി ആചരിക്കുന്നത്.




# ലോക ഫസ്റ്റ് എയ്ഡ് ദിനം

സെപ്റ്റംബർ പതിനൊന്ന് ലോക ഫസ്റ്റ് എയ്ഡ് ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.





## ചോദ്യം ഉത്തരം

**സെന്റ്. സേവിയേഴ്സ് കോളേജ് (ഓട്ടോണമസ്), കൊൽക്കത്ത കോളേജിൽ എത്ര എൻ എസ് എസ് യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്?**

2

# അക്ഷരാഗ്നി -

**മീട്ടു മനോജ്**




കുമ്പാരമായി വന്നു കിടക്കുന്ന മെസ്സേജുകളിൽ നിന്ന് തിരഞ്ഞെടുത്ത ഒന്നോ രണ്ടോ ആളുകൾക്ക് കൃത്യമായി മറുപടി നൽകി. ബാക്കി അവിടെ തന്നെ നിശബ്ദമായി ചിലച്ചു. മനം മടുപ്പിക്കുന്ന ഓൺലൈൻ ക്ലാസ്സുകളുടെയും മറ്റു പണിതിരക്കുകളുടെയും ലോകത്തുനിന്ന് അല്പനിമിഷത്തേക്ക് ഓടിമറയാൻ ഞാൻ തീരുമാനിച്ചു.പല ദിവസങ്ങളിലായി റൂമിലേക്കു കൊണ്ടുവെച്ച പുസ്തകങ്ങളിൽ കണ്ണോടിച്ചു. ഓരോന്നായി കയ്യിലെടുത്തു. പേജുകൾ മറിച്ചു. ദീർഘനിശ്വാസം!.പിന്നെയും അത് അലസമായി അവടെ സ്ഥാപിച്ചു. കുറെ സമയം എന്തൊക്കെയോ ആലോചിച്ചു. ക്ഷണിക്കപ്പെടാത്ത അതിഥിയാണല്ലോ ആലോചനകൾ. അത് അന്നും ഇന്നും എന്നും. അവയുടെ ആഴം കൂടുന്നത് മനസിലാക്കി പിന്നെയും ആയിരിക്കുന്ന അവസ്ഥയിലേക്ക് പടികയറി എത്തി.ഇൻസ്റ്റാഗ്രാമിലെ ഒരു എഴുത്തു പേജുകളിലെ എഴുത്തുകളിൽ കയറി ഇരുന്നു എവിടെയോ ഞാൻ എന്നെ തന്നെ കണ്ടുമുട്ടി. ശ്വാസം മുട്ടിയത് പോലെ.. ഗതി കിട്ടാത്ത ആത്മക്കളെ പോലെ ഞാൻ അലയുന്നു. ഇപ്പോഴാണ് ഞാൻ ആലോചിച്ചത്, രക്ഷപെടാൻ അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു.ഓൺലൈൻ ക്ലാസ്സുകൾ പറഞ്ഞു ഏല്പിച്ച ഒത്തിരി ഒത്തിരി ഉത്തരവാദിത്തങ്ങൾ. ഒടുവിൽ ഞാനും.



**ചിന്താവിഷയം:**

ഇന്നു ചെയ്യേണ്ടതും ചെയ്യാതെ മാറ്റിവയ്ക്കുന്നതുമായ ചുമതല നാളെ പുതിയ ഏഴു ചുമതലകളോടെ മടങ്ങി നിങ്ങളുടെ പക്കൽ എത്തും.

-ചാൾസ് കിങ്സ്ലി-

@nss_stc_42_144